# <u>കേരള സ്റ്റേറ്റ് റൂട്രോണിക്സിന്റെ സെന്റർ അംഗീകാരം ലഭിക്കുന്നതിനുള്ള നിബന്ധനകൾ</u>

1. കേരളാ സ്റ്റേറ്റ് റൂട്രോണിക്സ് പഠനകേന്ദ്രങ്ങൾ അംഗീകരിക്കുന്നത് സംസ്ഥാന സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരള സർക്കാർ വിഭാവനം ചെയ്ത പാഠ്യപദ്ധതിയുടെ പഠന സംബന്ധികളായ ചുമതലകൾ നിർവ്വഹിക്കുന്നതിനാലാണ്. ഈ പദ്ധതിയുടെ പരീക്ഷ നടത്തിപ്പും, സർട്ടിഫിക്കേഷനുമാണ് കേരളാ സ്റ്റേറ്റ് റൂട്രോണിക്സിൽ നിഷിപ്തമായിരിക്കുന്നത്.

2. കാലാകാലങ്ങളിൽ പഠനകേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിനു വേണ്ടി പഠനകേന്ദ്രങ്ങളെ ക്ഷണിച്ചുക്കൊണ്ടുള്ള പരസ്യം കേരളാ സ്റ്റേറ്റ് റൂട്രോണിക്സ് നൽകുന്നതായിരിക്കും. നിലവിൽ പഠന കേന്ദ്രങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ പട്ടണത്തിലും, ഗ്രാമപ്രദേശ ങ്ങളിലും റോഡ് മാർഗ്ഗം 6 Km ഒഴിവാക്കിയായിരിക്കും പുതിയ സെന്ററുകൾ അനുവദിക്കുക. നിലവിലുള്ള സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമം അല്ലായെങ്കിൽ ഈ നിബന്ധനയിൽ മാറ്റം വരുത്തുവാൻ കേരളാ സ്റ്റേറ്റ് റൂട്രോണിക്സിന് അധികാരമുണ്ടാ യിരിക്കുന്നതാണ്. സെന്റർ അനുവദിക്കുമ്പോൾ കോളേജുകൾക്കും, സ്കൂളുകൾക്കും മുൻഗണന ഉണ്ടായിരിക്കും.

3. സെന്ററിന്റെ രജിസ്ട്രേഷൻ/പുതുക്കൽ ഫീസ്, പഠിതാക്കളുടെ രജിസ്ട്രേഷൻ/പരീക്ഷാ ഫീസ് എന്നീയിനങ്ങളിൽ അടയ്ക്കുന്ന തുക തിരിച്ച് നൽകുന്നതല്ല.

4. പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ ഓരോകുട്ടികളുടേയും പേരിലാണ് കേരളാ സ്റ്റേറ്റ് റൂട്രോണിക്സിൽ അടയ്ക്കേണ്ടത്. ഇതിനുവേണ്ടിയുള്ള സജ്ജീകരണം പഠിതാക്കൾക്ക് സെന്റർ ഉറപ്പുവരുത്തണം.

5. ട്രെയിനിംഗ് സെന്റർ അനുമതിയ്ക്കായി അപേക്ഷിക്കുമ്പോൾ കാണിക്കുന്ന മേൽവിലാസത്തിലല്ലാതെ മറ്റേതെങ്കിലും സ്ഥലത്ത് നിന്നുമുള്ള പഠിതാക്കളെ സർട്ടിഫിക്കേഷനുവേണ്ടി രജിസ്ട്രർ ചെയ്താൽ സെന്ററിന്റെ അംഗീകാരം റദ്ദ് ചെയ്യുന്നതായിരിക്കും.

6. കേരളാ സ്റ്റേറ്റ് റൂട്രോണിക്സിൽ നിന്നും ലഭ്യമാക്കുന്ന സെന്റർ അപ്രൂവൽ സർട്ടിഫിക്കറ്റ് പഠനകേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണം.

7. ബോർഡിന്റെ ഇടതുവശത്തായി കേരളാ സ്റ്റേറ്റ് റൂട്രോണിക്സ് നിഷ്കർഷിക്കുന്ന തരത്തിലുള്ള എബ്ലവും പേരും ഉൾപ്പെടുത്തണം. ബോർഡിന്റെ ബാക്കിവരുന്ന ഭാഗത്ത് സ്ഥാപനത്തിന്റെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ, ഇ-മെയിൽ, കോഴ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ മുതലായവ പ്രദർശിപ്പിക്കണം.

8. രാഷ്ട്രീയപരമായ വിഷയങ്ങളോ, സാമൂഹികപരമായി അപചയങ്ങൾ ഉണ്ടാകുന്ന തരത്തിലുള്ളതായ പരാമർശങ്ങൾ ബോർഡിലോ, സെന്ററിലോ, പരസ്യങ്ങളിലോ, വെബ്ബ്സൈറ്റിലോ, ഇതര രേഖകളിലോ, പ്രചരണ വസ്തുക്കളിലോ ഉപയോഗിക്കാൻ പാടുള്ളതല്ലാ.

9. ഒരു അദ്ധ്യയന വർഷത്തേയ്ക്ക് അംഗീകാരം ലഭിച്ച സെന്ററിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്താൽ, ആവർഷം ലഭിച്ച അംഗീകാരം ഒരുമാസത്തെ നോട്ടീസ് നൽകി റദ്ദാക്കുന്നതാണ്. ഈ സാഹചര്യത്തിൽ പുതുതായി വരുന്ന വ്യക്തി ഈ പാഠ്യപദ്ധതി തുടരുകയാണെങ്കിൽ പുന:ർ രജിസ്ട്രേഷൻ ചെയ്യേണ്ടിവരും.

10. ഏതെങ്കിലും കാരണത്താൽ സെന്റർ നിർത്തേണ്ട സാഹചര്യം വന്നാൽ അതുവരെ അവിടെ പരിശീലനം ലഭിച്ചുക്കൊണ്ടിരിക്കുന്ന പഠിതാക്കളുടെ പഠനം സമയബന്ധിതമായി പൂർത്തീകരിച്ച് പരീക്ഷയ്ക്ക് രജിസ്ട്രർ ചെയ്യൂവാനുള്ള ഉത്തരവദിത്വം സെന്റർ ഡയറക്ടറിൽ നിഷിപ്തമാ യിരിക്കും.

11. പഠനകേന്ദ്രങ്ങളിൽ നിന്നും ഓരോ അധ്യയന വർഷവും റൂട്രോണിക്സ് നിശ്ചയിക്കുന്ന നിശ്ചിത എണ്ണം പഠിതാക്കളെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സ്ഥാപനങ്ങളുടെ അംഗീകാരം പുതുക്കി നൽകുന്നതല്ല.

12. റൂട്രോണിക്സിന്റെ അപ്രൂവൽ ലഭിക്കുന്ന എല്ലാസ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടെയും/അദ്ധ്യാപകേതര ജീവനക്കാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തണം. അതിനുവേണ്ടി

വനിതാ ഹെൽപ്പ് ലൈൻ, ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പരുകൾ നിർബന്ധമായും സെന്ററുകളിൽ പ്രദർശിപ്പിക്കണം. ഇതിന്റെ ചുമതല സെന്റർ ഉടമസ്ഥനിൽ നിഷിപ്തമാണ്. അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾ നിയമാനുസൃതമായി സ്ഥാപിതമായവ ആയിരിക്കണം.

13. സർക്കാർ ധനസഹായം, നേരിട്ടോ മറ്റേതെങ്കിലും സ്ഥാപനങ്ങൾ വഴിയോ ലഭ്യമാക്കുന്ന പഠനകേന്ദ്രങ്ങൾക്ക് ഇത്തരത്തിലുള്ള സഹായം റൂട്രോണിക്സിൽ നിന്നും ലഭ്യമാക്കുന്നതല്ല.

14. കേരളാ സ്റ്റേറ്റ് റൂട്രോണിക്സ് പരീക്ഷ നടത്തുന്ന വേളയിൽ വിദ്യാർത്ഥികൾ നേരിട്ടടയ്ക്കുന്ന ഫീസ് റൂട്രോണിക്സിന്റെ വെബ്സൈറ്റ് വഴി സമയാസമയങ്ങളിൽ അറിയിക്കുന്നതാണ്.

ഇത് വായിച്ചു. മനസ്സിലാക്കി. സമ്മതമാണ്.

ഒപ്പ് (സെന്റർ ഡയറക്ടർ)

ATC Seal

പേര്(സെന്റർ ഡയറക്ടർ)

ATC Code :